(a) a list of the number and nature of the various charity wakfs in the State;

(b) their detailed impression of the workings of wakfs in (a);

(c) how they have been regulating the administration of wakfs.

(d) how they intend to regulate them hereafter?

Rao Sahib Mr. T. V. Kasturi Ranga Ayyar.—(a) to (d). There are no such charity institutions in the State.

Mr. K. M. Ibrahim.—May I know whether there are not some wakfs in Cochin among the Cutchi Memons?

Rao Sahib Mr. T. V. Kasturi Ranga Ayyar.—I have no information.

Mr. K. M. Ibrahim.—Am I to uuderstand that the question is answered?

President.—He has said he has no information about it.

Mr. K. M. Ibrahim.—Will you kindly get the information before the next session?

Rao Sahib Mr. T. V. Kasturi Ranga Ayyar.—Yes.

Government Servants corruption.

150 മിസ്റ്റർ കെ. എം. ഇബ്രാഹിം.—(a) ശ്രീ കെ. രമ്പള കിട്ടിയാലും ഒരു കണ്ണി പുകയിലയും ഒരു കൈ വെറ്റിലയും കൈക്കൂലി വാങ്ങുന്ന ചില ഉദ്യോഗസ്ഥന്മാർ നമ്മുടെ നാട്ടിലുള്ളതായി ഗവൺമെണ്ടറിഞ്ഞിട്ടുണ്ടോ എന്ന സമയം പറയാമോ;

(b) തങ്ങളുടെ പതിവനുസരിച്ചു സുഖമായ കാലക്ഷേപത്തിനും മിച്ചം ബാക്കിക്കു, പോരുന്ന രമ്പളം കിട്ടുന്ന മേൽതരം ദുരാഗ്രഹികളെ സകാര്യാന്വേഷണത്താലും മറ്റും കണ്ടുപിടിച്ച് ഉടനെ ഉദ്യോഗത്തിൽനിന്നും പിരിച്ചുവിട്ടും പ്രജാവലിയെ രക്ഷിക്കുവാനാലോചിക്കുന്നുണ്ടോ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—(a) ഉള്ളതായിട്ടറിവില്ല.

(b) എന്നുള്ള മറുപടി അനുസരിച്ച് ഈ ചോദ്യത്തിനു പ്രത്യേകം മറുപടി ആവശ്യമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഉണ്ടോ എന്ന് അന്വേഷിച്ചു പറവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—അന്വേഷിപ്പാൻ പ്രയാസമായിട്ടാണിരിക്കുന്നത്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അന്വേഷിപ്പാൻ ഗവൺമെണ്ടിനു മുമതലയില്ലെന്നാണോ പറയുന്നത്?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—ഇല്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—കൈക്കൂലിയെന്നത് കാര്യമായി രാജ്യമീമാംസയെ ബാധിക്കുന്ന സംഗതിയല്ലെ? അതിനെപ്പറ്റി അന്വേഷിക്കേണ്ട എന്നാണോ പറയുന്നത്?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—കൈക്കൂലി വാങ്ങിക്കുന്നതിനു തെളിവില്ല. അതിനെപ്പറ്റി അവലാതിയുമില്ല;

LIBRARY ARCHIVES Kerala Legislative Assembly